"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - സംസ്ഥാന ജല ഗതാഗത വകുപ്പ് ആസ്ഥാന കാര്യാലയം ക്ളാർക്ക് ശ്രീമതി.ഫരീദ.വി.കെ യ്ക്ക് കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സ.ഉ.(സാധാ) നം.2703/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/11/2019

പരാമർശം:- 1 06.02.2013ലെ സ.ഉ(പി) 05/13/ഉഭപവ നമ്പർ ഉത്തരവ്.

2 ശ്രീമതി.ഫരീദ.വി.കെ യുടെ 29.11.2018 ലെ അപേക്ഷ.

3 സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 03.10.2019 ലെ ഇ2-1809/18 നമ്പർ കത്ത്

4 പഞ്ചായത്ത് ഡയറക്ടറുടെ 02.08.2019 ലെ ഇ6-634/2019 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ ആലപ്പുഴ ജില്ലയിലെ സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ 26.03.2018 മുതൽ ജോലി ചെയ്യുന്ന ശ്രീമതി.ഫരീദ.വി.കെ, കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. ശ്രീമതി.ഫരീദ.വി.കെ ജല ഗതാഗത വകുപ്പിൽ 5 വർഷം പൂർത്തിയാക്കിയിട്ടില്ല. പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 3(viii)ലെ വ്യവസ്ഥകൾ പ്രകാരം ആസ്ഥാന ഒഴിവിൽ നിയമിതനായ ജീവനക്കാരന് 5 വർഷ നിബന്ധനയില്ലാതെ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിയ്ക്കാവുന്നതാണ്. കോഴിക്കോട് ജില്ലയിൽ ജല ഗതാഗത വകുപ്പിന് ഓഫീസുകൾ നിലവിലില്ല എന്ന് പരാമർശം(3) പ്രകാരം ജല ഗതാഗത വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ശ്രീമതി.ഫരീദ.വി.കെ യുടെ ക്ലാർക്ക് തസ്തികയിലെ സേവനം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാളെ ജല ഗതാഗത വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന നിരാക്ഷേപ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ ആലപ്പുഴ ജില്ലയിലെ സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.ഫരീദ.വി.കെ യ്ക്ക് കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീമതി.ഫരീദ.വി.കെ പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

വകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറേറ്റ്, ആലപ്പുഴ

ശ്രീമതി.ഫരീദ.വി.കെ, ക്ലാർക്ക്, സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറേറ്റ്, ആലപ്പുഴ
( സംസ്ഥാന ജല ഗതാഗത വകുപ്പ് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (165/ഇപിഎ1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Danya M

സെക്ഷൻ ഓഫീസർ